പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2307

23.3.2012 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പദ്ധതി

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ ;

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി)

എ) മുൻ സർക്കാർ സ്മാർട്ട്സിറ്റി പദ്ധതിക്ക് വിനിയോഗിക്കാനായി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തെന്ന് വ്യക്തമാക്കാമോ ;

എ) മുൻ സർക്കാർ സ്മാർട്ട്സിറ്റി പദ്ധതിക്കായി 135.35 ഏക്കർ സ്ഥലം അക്വയർ ചെയ്യുകയുണ്ടായി.

ബി) സ്മാർട്ട്സിറ്റി പദ്ധതിക്ക് എത്ര ഏക്കർ സ്ഥലം വിട്ടു നൽകിയെന്നും ഇതിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നും വ്യക്തമാക്കാമോ ;

ബി) സ്മാർട്ട്സിറ്റി പദ്ധതിക്കായി 246 ഏക്കർ സ്ഥലം സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചറിന് പാട്ടത്തിന് നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കേരള സർക്കാരിൽ നിക്ഷിപ്തമാണ്.

സി) ഇങ്ങനെ വിട്ടുനൽകിയ ഭൂമിയിൽ എത്ര ഭൂമി ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാം എന്നതു സംബന്ധിച്ച നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

സി) പാട്ടക്കരാറിൽ ഭൂമിയുടെ വിനിയോഗം വ്യക്തമാക്കിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞത് 88,81,207 ചതുരശ്ര അടി കെട്ടിടങ്ങൾ നിർമ്മിക്കുകയും അതിൽ 70 ശതമാനം എങ്കിലും ഐ.ടി./ഐ.ടി.ഇ.എസ്സിനും അനുബന്ധ സൗകര്യങ്ങൾക്കും ഉപയോഗപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റ് വ്യവസ്ഥകൾ പാട്ടക്കരാറിൽ വിശദീകരിച്ചിട്ടുണ്ട്.

ഡി) ഒരാവശ്യത്തിന് അനുവദിച്ച് ഭൂമി മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്ന പക്ഷം എന്തു നടപടി കൈക്കൊള്ളാമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

ഡി) ടീകോം/സ്മാർട്ട്സിറ്റി (കൊച്ചി) ഇൻഫ്രാസ്ട്രക്ച്ചറോ 'ഫ്രെയിംവർക്ക് എഗ്രിമെന്റി'ലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാൽ, 'ഫ്രെയിംവർക്ക് എഗ്രിമെന്റി'ലെ വ്യവസ്ഥകൾക്ക് അനുസൃതമായി പാട്ടക്കരാറുകൾ റദ്ദുചെയ്യപ്പെടുവാൻ സാദ്ധ്യതയുണ്ടെന്ന് പാട്ടക്കരാറുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ